"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഗോപകുമാർ.എം.കെ., കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.887/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 15.06.2023-ലെ ഉത്തരവ് -അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2684/2023/H&FWD തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. ഡോ.ഗോപകുമാർ.എം.കെ. കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A9)
3. OA(EKM) No..887/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 15.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ കൺസൾട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഗോപകുമാർ.എം.കെ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM)-887/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) ടി അപ്പീലിലെ അപേക്ഷ ചുവടെ ചേർക്കുന്നു:

എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാന ആശുപത്രി എന്നീ സ്റ്റേഷനുകളാണ് ഓപ്റ്റ് ചെയ്തിരുന്നത്. കരട് സ്ഥലംമാറ്റ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിച്ചു എങ്കിലും അന്തിമ ഉത്തരവിൽ ആയത് സ്ഥിരപ്പെടുത്തി. സ്ഥലംമാറ്റത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. അപേക്ഷിച്ച സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റുവാൻ സാധിച്ചില്ല എങ്കിൽ എറണാകുളം ജനറൽ ആശുപത്രിയിൽ നിലനിറുത്തണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപ്പീൽ കമ്മിറ്റിയുടെ പരിശോധനയിൽ ഡോ.ഗോപകുമാർ.എം.കെ. സ്ഥലംമാറ്റ അപേക്ഷയിൽ തിരഞ്ഞെടുത്ത ഒന്നാമത്തെ സ്ഥാപനമായ എറണാകുളം പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ഡോ.പ്രശാന്ത്.യു.ടി.-യെക്കാൾ അപേക്ഷകൻ സ്റ്റേഷൻ സീനിയർ ആണെന്ന് കണ്ടെത്തുകയും ഡോ.പ്രശാന്ത്.യു.ടി.-യെ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി അപേക്ഷകനെ എറണാകുളം പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്നും കമ്മിറ്റി ശിപാർശ ചെയ്തു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് എറണാകുളം പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.പ്രശാന്ത്.യു.ടി.-യെ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലേയ്ക്കും, അപേക്ഷകനെ എറണാകുളം പറവൂർ താലൂക്ക്

ആസ്ഥാന ആശുപത്രിയിലേയ്ക്കും സ്ഥലംമാറ്റിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.887/2023-ന്മേലുള്ള 15.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.
Dr.Gopakumar.M.K., Consultant (General Medicine), "Sreehari House", Njarakkad.P.O., Ernakulam - 682 503.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 16-10-2023 13:28:15

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ, തീയതി 18/10/2023. സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

0381726 GOVERNMENT OF KERALA